കാലിക്കറ്റ് സർവ്വകലാശാല
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വിഭാഗം
പത്രക്കുറിപ്പ്

2010 ജൂൺ 19

## ബി.ഡി.എസ്. പരീക്ഷ അപേക്ഷ തിയ്യതി നീട്ടി

ഒന്നാം വർഷ ബി.ഡി.എസ്. സപ്ലിമെന്ററി (പുതിയ സ്കീം/2007 ഉം അതിനുമുമ്പും ഉള്ള പ്രവേശനം), മൂന്നും നാലും വർഷ സപ്ലിമെന്ററി & അവസാന വർഷ ബി.ഡി.എസ്. പാർട്ട് 2 റഗുലർ/സപ്ലിമെന്ററി പരീക്ഷയ്ക്ക് ഓൺലൈൻ വഴി ജൂൺ 21 വരെ അപേക്ഷിക്കാം. അപേക്ഷയുടെ ഡൗൺലോഡ് ചെയ്ത കോപ്പി ചലാൻ രശീതി, എ.പി.സി. സഹിതം ജൂൺ 23 നകം പരീക്ഷാഭവനിലെത്തിക്കണം.

970/10/പി.ആർ

## ബി.ടെക് പരീക്ഷ റദ്ദാക്കി

ജൂൺ 18 ന് നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് സി.എസ്. 04 804 ഇ/ഐടി 04 802 'മൊബൈൽ കമ്മ്യൂണിക്കേഷൻ സിസ്റ്റം' പരീക്ഷ റദ്ദാക്കി. പുനപരീക്ഷ ജൂൺ 23 ന്. പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

971/10/പി.ആർ

## കമ്പ്യൂട്ടർ പ്രാക്ടിക്കൽ/വൈവ-വോസി

പി.ജി. ഡിപ്ലോമ ഇൻ ട്രാൻസലേഷൻ & സെക്രട്ടേറിയൽ പ്രാക്ടീസ് ഇൻ അറബിക്, പി.ജി. ഡിപ്ലോമ ഇൻ കൊമേഴ്സ് & മാനേജ്മെന്റ് ഇൻ അറബിക് പരീക്ഷകളുടെ കമ്പ്യൂട്ടർ പ്രാക്ടിക്കൽ/വൈവ ജൂലായ് 1, 2 തിയ്യതികളിൽ അറബിക് പഠനവിഭാഗത്തിൽ നടക്കും.

972/10/പി.ആർ

## എം.ബി.എ. ഇന്റർവ്യൂ/ഗ്രൂപ്പ് ഡിസ്കഷൻ

കാലിക്കറ്റ് സർവ്വകലാശാല മെയ് 23 ന് നടത്തിയ എം.ബി.എ. പ്രവേശന പരീക്ഷയിൽ (കുമാറ്റ് 2010) ഇന്റർവ്യൂവിനും ഗ്രൂപ്പ് ഡിസ്കഷനും യോഗ്യത നേടിയവർക്കുള്ള അറിയിപ്പ് തപാൽ മുഖേന അയച്ചിട്ടുണ്ട്. അറിയിപ്പ് ലഭിക്കാത്തവർ സർവ്വകലാശാല വെബ്സൈറ്റിൽ (www.universityofcalicut.info) കൊടുത്തിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷന്റെയും ഇന്റർവ്യൂവിന്റെയും ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന തിയ്യതിക്കും സമയത്തിനും അവരുടെ കുമാറ്റ് അഡ്മിറ്റ് കാർഡും വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന മറ്റ് രേഖകളും സഹിതം കാലിക്കറ്റ് സർവ്വകലാശാല കൊമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് പഠനവകുപ്പിൽ ഹാജരാകണം.

973/10/പി.ആർ

## ഡീൻമാരെ നിയമിച്ചു

കാലിക്കറ്റ് സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിൽ പുതിയ ഡീൻമാരെ ചാൻസലർ നാമനിർദ്ദേശം ചെയ്തു. ഡീൻമാരുടെ പേരും വിഷയവും. 1. ഡോ. സി രാജേന്ദ്രൻ (ഭാഷാ സാഹിത്യം), 2. ഡോ. കെ. പി. മുരളീധരൻ (കൊമേഴ്സ് ആന്റ് മാനേജ്മെന്റ്), 3. ഡോ. സി സതീഷ് കുമാർ (എൻജിനീയറിംഗ്), 4. പ്രൊഫ. കുമാര വർമ്മ (ഫൈൻ ആർട്സ്), 5. ഡോ. കെ.വി. ദിലിപ് കുമാർ (ആയുർവേദം), 6. ഡോ. എ.എസ്. സരോജ (നിയമം), 7. ഡോ. നിഷ പോൾ (ഹോമിയോപ്പതി), 8. ഡോ. സി. നസീമ (എജുക്കേഷൻ), 9. ശ്രീമതി. അഞ്ജലി മോൻടെറിയോ (ജേർണ്ണലിസം), 10. ഡോ. പി.കെ. ശശിധരൻ (മെഡിസിൻ), 11. ഡോ. ഗിൽസ കെ. വാസുണ്ണി (ഡന്റിസ്ട്രി), 12. ഡോ.എം.എ. കുര്യച്ചൻ (ഹെൽത്ത് സയൻസ്), 13. ഡോ. ഡി. രത്നരാജ് (ഹ്യൂമാനിറ്റീസ്). രണ്ടു വർഷമായിരിക്കും കാലാവധി.

974/10/പി.ആർ

**********